# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.631          05.06.2018-ൽ മറുപടിക്ക്**

## പരമ്പരാഗത വ്യവസായങ്ങൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിന് ശേഷം പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള നെയ്ത്തു തൊഴിലാളികൾക്ക് വർഷത്തിൽ 200 ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായ വകുപ്പും വിദ്യാഭ്യാസ വകുപ്പും യോജിച്ചു കൊണ്ട് സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ? | (ബി) പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കൈത്തറിയിൽ നെയ്തെടുത്ത തുണി സൗജന്യ സ്കൂൾ യൂണിഫോമായി നൽകുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന വിദ്യാഭ്യാസവകുപ്പിനെയും കൈത്തറി വസ്ത്ര ഡയറക്ടേറ്റിനേയും ചുമതലപ്പെടുത്തുകയുണ്ടായി. വിദ്യാഭ്യാസവകുപ്പിൽ നിന്നുള്ള നിർദ്ദേശ പ്രകാരമാണ് യൂണിഫോമിനായുള്ള നിറവും തുണിയുടെ അളവും, സ്കൂളുകളുടെയും കുട്ടികളുടെയും എണ്ണവും ലഭ്യമാക്കുന്നത്. പ്രസ്തുത പദ്ധതിക്കായി വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഫണ്ട് അനുവദിച്ചു തരുന്നു.<br><br>സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത് മൂലം കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് ഉണ്ടാക്കാൻ സാധിച്ചു. കൂടുതൽ നെയ്ത്തുകാരെ ഉൾപ്പെടുത്തുവാനും ഈ മേഖലയിൽ നിന്നും കൊഴിഞ്ഞ് പോയവരെ തിരികെ കൊണ്ടുവരുവാനും ഈ പദ്ധതി മൂലം സാധിച്ചു. |

നൂലും കൂലിയും സർക്കാർ നൽകിവരുന്ന ഈ പദ്ധതി തുടങ്ങിയപ്പോൾ ഏകദേശം 200 നെയ്ത്തുകാർ ഇതിൽ പങ്കാളികളായിരുന്നു. എന്നാൽ ഇന്ന് ഏകദേശം 4000 ൽ അധികം നെയ്ത്തു തൊഴിലാളികളും അതിൽ ഇരട്ടിയോളം അനുബന്ധതൊഴിലാളികളും ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. കൂടാതെ യുവാക്കളായ പുതിയ നെയ്ത്തുകാരെയും ജയിലുകളിൽ കഴിയുന്ന തടവുകാരെക്കൂടി സാമൂഹ്യ പ്രതിബന്ധതയോടെ തൊഴിൽ ചെയ്യുന്നതിന് പ്രാപ്തമാക്കും വിധം നെയ്ത്തു പരിശീലനം നൽകി ഈ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അതിന്റെ പ്രാരംഭ നടപടികൾക്കായി ഹാൻവീവിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത തറികൾ അറ്റകുറ്റപണികൾ നടത്തി ഈ പദ്ധതിയുടെ ഭാഗമാക്കുന്നുണ്ട്. പദ്ധതിയിൽ ഭാഗമായിരിക്കുന്ന നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും കൂടുതൽ വേതനവും ലഭ്യമാക്കുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് രീതിയിൽ ഒരു ആഴ്ച 1000/- രൂപയും ഒരു മാസം പരമാവധി 4000/- രൂപയും കൂടുതൽ ലഭ്യമാക്കുന്നുണ്ട്. 2017-18 അദ്ധ്യയന വർഷം 9.4 ലക്ഷം മീറ്റർ കൈത്തറി തുണി യൂണിഫോം ആയി നൽകി. 2018-19 അദ്ധ്യയനവർഷം ഇതുവരെ 23 ലക്ഷം മീറ്റർ കൈത്തറി തുണി യൂണിഫോമിനായി ഉൽപാദിപ്പിച്ച് നൽകി കഴിഞ്ഞു .

**സെക്ഷൻ ഓഫീസർ**